**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1428** — **13.12.2012 - ൽ മറുപടിക്ക്**

## നടമ്മൽ കടവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. റ്റി. എ. റഹീം** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ നടമ്മൽ കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ് ; | (എ) | കോഴിക്കോട് ജില്ലയിലെ നടമ്മൽ കടവ് പാലത്തിന് 17.02.2011 തീയതിയിലെ ജി.ഒ.(ആർ.ടി.)269/2011/പൊമവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കി. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ശിലാസ്ഥാപന കർമ്മം നടന്നത് എന്നാണ് ; | (ബി) | ഈ പ്രവൃത്തിയുടെ ശിലാസ്ഥാപനം 13.11.2011 -ന് നടന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തത് ആരാണ് ; | (സി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തത്. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; എങ്കിൽ ആയത് ഏതു ദിവസമാണ് ; | (ഡി) | ഈ പ്രവൃത്തിയ്ക്ക് 05.11.2011 -ന് എഗ്രിമെന്റ് വച്ചു. |
| (ഇ) | പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും വീതി എത്ര വീതമാണ് ; | (ഇ) | ഈ പാലത്തിന് 11.05 മീറ്റർ വീതിയും അപ്രോച്ച് റോഡിന് 12 മീറ്റർ വീതിയുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (എഫ്) | കരാറുകാരന് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഹാന്റ് ഓവർ ചെയ്തിട്ടുണ്ടോ ; | (എഫ്) | കരാറുകാരന് സ്ഥലം കൈമാറാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ജി) | നേരത്തേ നിശ്ചയിച്ചിരുന്നതിൽ നിന്ന് പാലത്തിന്റെയോ, അപ്രോച്ച് റോഡിന്റെയോ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു മാറ്റമാണ് വരുത്തിയിട്ടുള്ളത്; | (ജി) | പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല. അപ്രോച്ച് റോഡിന് കുത്തനെയുള്ള പാർശ്വഭിത്തി നിർമ്മിച്ച് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വീതിയിൽ അല്പം കുറവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (എച്ച്) | നേരത്തേ നിശ്ചയിച്ചതിൽ നിന്ന് എത്ര സ്ഥലം ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട് ; | (എച്ച്.) | ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തൃതി 0.3628 ഹെക്ടറിൽ നിന്നും 0.2284 ഹെക്ടർ ആയി കുറഞ്ഞിട്ടുണ്ട്. |
| (ഐ) | മാറ്റം വരുത്തിയതുകൊണ്ട് ഏതെല്ലാം സ്ഥലമുടമകൾക്ക് നേട്ടമുണ്ടായിട്ടുണ്ട് ; | (ഐ) | കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് പൂത്തൂർ വില്ലേജിലെ റീ സർവ്വെ നമ്പർ. 48, 44, 45, 91, 92, 101, 102, 25, 27 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയുടെ ഉടമകൾക്ക് ഇതുകൊണ്ട് നേട്ടമുണ്ടായിട്ടുണ്ട്. |
| (ജെ) | സർക്കാരിന്റെ അനുമതിയില്ലാതെ സ്ഥലത്തിന്റെ നോട്ടിഫിക്കേഷനിൽ മാറ്റം വരുത്താനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ? | (ജെ) | നോട്ടിഫിക്കേഷനിൽ മാറ്റം വരുത്തിയിട്ടില്ല. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയിൽ മാത്രമാണ് മാറ്റം വരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ